# ലഹരി വിമുക്ത നവകേരളം

## ST.AUGUSTINE HSS KUTTANELLUR

## *Documentation*

* മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധമുയർത്താനുള്ള വിപുലമായ പ്രചാരണപരിപാടികൾക്ക് സെന്റ് അഗസ്റ്റിൻ ഹയർ സെക്കന്ററി വിദ്യാലയത്തിൽ തുടക്കം കുറിച്ചു .

* വിദ്യാലയത്തിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രൊജക്റ്റിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സ് നടത്തി. സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥനായ ശ്രീ. അരുൺ കുന്നമ്പത്ത് ബോധവത്കരണ ക്ലാസ് നയിച്ചു .

* ലഹരിക്കെതിരായ ബോധവൽക്കരണത്തിന്റെ ഭാഗമായി High school വിദ്യാർത്ഥികൾക്കായി പോസ്റ്റർ നിർമാണം, കഥാരചന , കവിതാരചന എന്നിവ നടത്തുകയും തിരഞ്ഞെടുക്കപ്പെട്ട സൃഷ്ടികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

* കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്ന് മാറി അണുകുടുംബങ്ങളാണ് നമുക്കുള്ളത്.ഇക്കാരണത്താലും മറ്റു പലകാരണ ങ്ങളാലും കുട്ടികളുടെ ജീവിതം തടവറയിലായതു പോലെയാണ് ഇപ്പോൾ. സാമൂഹിക ഇടപെടലുകളില്ലാതെയും ജീവകാരുണ്യ ചിന്തകളില്ലാതെയും പ്രായോഗിക ജീവിതപാഠങ്ങൾ അറിയാതെയുമാണ് നമ്മുടെ കുട്ടികൾ വളരുന്നത്. സ്വയം ജീവിക്കാനുള്ള അവസ്ഥ അവർക്ക് അന്യമാകുകയാണ്. മാതാപിതാക്കളുടെ ജോലിത്തിരക്കു കാരണം മിക്ക വീടുകളിലും ആരോഗ്യപരമായ അന്തരീക്ഷം ഇല്ല എന്നതാണ് സത്യം. ഇത് കുട്ടികളിൽ അരക്ഷിതാവസ്ഥയും എന്തിനോടും പകയും വിദ്വേഷവും ഉടലെടുക്കും.
മാനസികമായി അസ്വസ്ഥരാകുന്ന ഇവർ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി ജീവിതം നശിപ്പിച്ചേക്കും.ലഹരി നിർമ്മാർജ്ജനത്തിൽ മാതാപിതാക്കൾക്കുള്ള വലിയ പങ്ക് ബോധ്യപെടുത്താനായി അധ്യാപക രക്ഷാകർതൃ സംഗമം നടത്തുകയും ഒല്ലൂർ പോലീസ് സ്റ്റേഷൻ SI ശ്രീ ബിപിൻ സർ മാതാപിതാക്കൾക്കായി ഒരു ബോധവൽക്കരണ ക്ലാസ് നയിക്കുകയും ചെയ്തു.

* വിദ്യാലയത്തിലെ SPC കേഡറ്റുകൾ ലഹരിവിരുദ്ധ റാലി നടത്തുകയും വിദ്യാലയത്തിലെ മറ്റു വിദ്യാർത്ഥികൾക്ക് ലഹരിക്കെതിരായി ബോധവൽക്കരണം നൽകുകയും ചെയ്തു.

* തിന്മകൾക്കെതിരായ നന്മയുടെ വിജയം ആഘോഷിക്കുന്ന ദീപാവലി ദിനത്തിൽ നമ്മുടെ ഉള്ളിലെ സദ്ഗുണങ്ങളാൽ നാം ആധിപത്യം പുലർത്തുന്നുണ്ടോ ഇല്ലയോ എന്ന് സ്വയം ഉള്ളിലേക്ക് നോക്കേണ്ടതും ചിന്തിക്കേണ്ടതും അത്യാവശ്യമാണ്. ഒരുവന്റെ ഏറ്റവും നല്ല സുഹൃത്ത് അവൻ സ്വയം തന്നെയാണ്. ഏറ്റവും മോശമായ ശത്രുവും......ദീപാവലി ദിനത്തിൽ ഈ കാലഘട്ടത്തിന്റെ ദുഷ്ട ശക്തി എന്ന് വിശേഷിപ്പിക്കാവുന്ന ലഹരിക്കെതിരെ എല്ലാ വിദ്യാർത്ഥികളും അവരവരുടെ വീടുകളിൽ
ജാഗ്രതാദീപം തെളിയിച്ചു.

* നവംബർ 1 കേരളപ്പിറവി ദിനത്തിൽ എസ് പി സി കേഡറ്റുകളുടെ ലഹരി വിരുദ്ധ സന്ദേശം ഉൾകൊള്ളുന്ന ഫ്ലാഷ് മോബ് അരങ്ങേറി.
* എസ് പി സി കേഡറ്റുകൾ വിദ്യാലയത്തിലെ മറ്റു വിദ്യാർത്ഥികൾക്കായുള്ള ബോധവൽക്കരണക്ലാസ് നയിച്ചു. വിദ്യാർത്ഥികൾ വിദ്യാലയത്തിന്റെ പരിസര പ്രദേശത്തു ലഹരിവിരുദ്ധ വിളംബരജാഥ നടത്തുകയും ലഹരി വിരുദ്ധ മനുഷ്യ ചങ്ങല തീർത്ത് പ്രതീകാത്മക ലഹരി വസ്തുക്കൾ കത്തിക്കുകയും ചെയ്തു.

* വിദ്യാലയത്തിലെ Little Kites വിദ്യാർത്ഥികൾ, മയക്കുമരുന്നിൻറെ ഉപയോഗം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങൾ യുവാക്കളിൽ അവബോധം വളർത്തുക, മയക്കുമരുന്നിൻറെ ഉപയോഗത്തിനും അനധികൃത കടത്തിനും എതിരെ ശക്തമായി പ്രതിഷേധിക്കുക എന്ന ലക്ഷ്യത്തോടെ 'STOFFER ' എന്ന ഒരു short film തയ്യാറാക്കുകയും ചെയ്തു .

[https://youtu.be/wOFQltNZiUs?si=IF8kLRjKnXhpMPDA](https://youtu.be/wOFQltNZiUs?si=IF8kLRjKnXhpMPDA)


STUDENT POLICE CADET PROJECT
ST. AUGUSTINE HSS










STUDENT POLICE CADET PROJECT
ST. AUGUSTINE HSS


STOP






S.P.C
S.P.C




ST. AUGUSTINE HSS KUTTANELLUR
PTA GENERAL BODY
അധ്യാപക-രക്ഷാകർതൃ സംഗമം











STUDENT POLICE CADET PROJECT
ST. AUGUSTINE HSS
KUTTANELLUR
UNIT No. TRC 913
POLICE STATION - OLLUR
DISTRICT - THRISSUR

Say No to Drugs

Say No to Drugs













**HOPE IT HELPS**

**Thank you**